# രക്ഷയുടെ പാതയിൽ



# സഭ ആരാധനാസമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

൯

# ഉള്ളടക്കം


1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

# പാഠം- 1



# ദൈവാരാധന

ദൈവാരാധന

1. മനുഷ്യൻ ആരാധകൻ
2. ആരാധന പഴയനിയമത്തിൽ
3. ആത്മാവു നഷ്ടമായ ആരാധന
4. സത്യത്തിലും ആത്മാവിലും ആരാധന
5. ക്രൈസ്തവാരാധന ഈശോയുടെ ആരാധനയിലുള്ള പങ്കുചേരൽ
6. സഭ യഥാർത്ഥ ആരാധനാസമൂഹം
7. ദൈവാരാധന (ലിറ്റർജി)

# മനുഷ്യൻ ആരാധകൻ

ദൈവവിശ്വാസം

- ചിന്താശക്തിയുള്ള മനുഷ്യന്റെ ആരാധന പ്രപഞ്ചശക്തിക ളിൽ ഒതുങ്ങിനിന്നില്ല. ഈ ശക്തികളുടെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്ന, അവയ്ക്ക് ശക്തി പ്രദാനം ചെയ്യുന്ന ഒരു അനന്തശക്തിയിൽ അവന്റെ മനസ്സ് എത്തിച്ചേർന്നു. ഈ അനന്തശക്തിയെ ദൈവം എന്ന് അവൻ പേരുവിളിച്ചു. എങ്കിലും ആരാധനയുടെ മുഖ്യഘടകം ബലിയർപ്പണമായിരുന്നു.
- ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ അന്തർലീനമായിരുന്ന ദൈവാഭിമുഖ്യമാണ് അവനെ ദൈവാരാധനയിലേക്ക് നയിച്ചത്.

ദൈവാരാധന

# ആരാധന പഴയനിയമത്തിൽ

- മറ്റു മതങ്ങളിൽ, ദൈവത്തെതേടുന്ന മനുഷ്യനെയാണു കാണുന്നതെങ്കിൽ മനുഷ്യനെ തേടുന്ന ദൈവത്തെയാണ് പഴയനിയമത്തിൽ കാണുന്നത്. അബ്രാഹത്തിനും ഇസ ഹാക്കിനും യാക്കോബിനും പ്രത്യക്ഷനായി **"നിങ്ങളുടെ കർത്താവായ ദൈവം ഞാനാകുന്നു"** എന്നു വെളിപ്പെടു ത്തിയ ഏകദൈവത്തെ അവർ ആരാധിച്ചു. ജറുസലേം ദേവാലയമായിരുന്നു അവരുടെ ആരാധനാസ്ഥലം.
- ദൈവം ഇസ്രായേലിനെ അടിമത്തത്തിൽനിന്നു മോചി പ്പിച്ചതുതന്നെ ഒരു ആരാധനാസമൂഹമാകാൻ വേണ്ടിയാ യിരുന്നു. ദൈവാരാധനയിൽ കേന്ദ്രീകരിച്ചു ജീവിച്ച ഒരു സമൂഹമായിരുന്നു ഇസ്രായേൽ ജനം.

# ആത്മാവു നഷ്ടമായ ആരാധന

❖ദൈവം മനുഷ്യബന്ധത്തിന്റെ അടിസ്ഥാനങ്ങളായ സ്നേഹവും കാരുണ്യവും പങ്കുവയ്ക്കൽ മനോഭാവവും നഷ്ടമായപ്പോൾ അവരുടെ ബലികളും ആരാധനകളും ദൈവത്തിനു സ്വീകാര്യമായില്ല. അവിടുന്നു പറഞ്ഞു: **“ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലികളല്ല; ദൈവജ്ഞാനമാണ് എനിക്കിഷ്ടം”.**

# സത്യത്തിലും ആത്മാവിലും ആരാധന

ദൈവാരാധന

❖മനുഷ്യനെ തേടിയെത്തുന്ന ദൈവത്തിന്റെ സ്നേഹത്തിനു നൽകുന്ന പ്രതിസ്നേഹമാണ് യഥാർത്ഥ ആരാധന. സ്നേഹിക്കുന്ന വ്യക്തിയുടെ ഇഷ്ടം പൂർണ്ണമായി നിറവേറ്റുന്നതിലാണ് ഈ ആരാധന അടങ്ങിയിരിക്കുന്നത്. ഇതിനു വേണ്ടി സ്വന്തം ഇഷ്ടങ്ങളെയും തന്നെത്തന്നെയും ബലിയായി സമർപ്പിക്കുന്നിടത്തോളം ത്യാഗം ഈ ആരാധന ആവശ്യപ്പെടുന്നു. ആത്മാവിലും സത്യത്തിലും പിതാവായ ദൈവത്തിന് ആരാധനയർപ്പിക്കുവാൻ സ്വജീവിതത്തിൽ ദൈവഹിതം പൂർണ്ണമായും നിറവേറ്റിക്കൊണ്ട് ഈശോ നമ്മെ പഠിപ്പിച്ചു.

ദൈവാരാധന

# ക്രൈസ്തവാരാധന ഈശോയുടെ ആരാധനയിലുള്ള പങ്കുചേരൽ

- സഭയുടെ ആരാധനയായ കുർബാനയിലും കൂദാശകളിലും കൂദാശാനുകരണങ്ങളിലും യാമപ്രാർത്ഥനകളിലും പങ്കുചേർന്ന് ദൈവത്തിന് സ്വർഗ്ഗത്തിലും ഭൂമിയിലും എപ്പോഴും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സഭയുടെ ശിരസായ മിശിഹായോടുചേർന്ന് അർപ്പിക്കുന്നതാണ് ക്രൈസ്തവാരാധന.

ദൈവാരാധന

# സഭ യഥാർത്ഥ ആരാധനാസമൂഹം

- ഈശോയുടെ ഈ ബലിയർപ്പണത്തിൽ പങ്കുചേർന്ന് സ്വയം ബലിയർപ്പിച്ചുകൊണ്ടാണ് സഭ തന്റെ സ്നേഹം പ്രകടമാക്കുന്നത്. നാഥനും രക്ഷകനുമായ മിശിഹായിൽ ഒന്നുചേർന്ന് അവിടുത്തെ ബലിയർപ്പിച്ചുകൊണ്ട് സഭ പുതിയ നിയമത്തിലെ യഥാർത്ഥ ആരാധനാസമൂഹമായിത്തീരുന്നു. മിശിഹായോടുചേർന്ന് ബലിയർപ്പിക്കുന്ന ആരാധനാസമൂഹം രക്ഷയുടെ അനുഭവത്തിലേക്കു കടന്നുവരുന്നു.

ദൈവാരാധന

# ദൈവാരാധന (ലിറ്റർജി)

- സഭയുടെ ഔദ്യോഗികവും പരസ്യവുമായ ആരാധനയ്ക്കു ലിറ്റർജി എന്നാണു പറയുക. **"ലെയ്ത്തൂർഗിയ"** എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് **ലിറ്റർജി** എന്ന വാക്കുണ്ടായത്. ഈ വാക്കിന്റെ അർത്ഥം പൊതുപ്രവൃത്തി എന്നാണ്. സമൂഹം പരസ്യമായി ദൈവത്തെ സ്തുതിക്കുന്നതു സൂചിപ്പിക്കാനാണ് ബൈബിളിൽ ലിറ്റർജി എന്ന വാക്ക് ഉപയോഗിക്കുന്നത്. വിശുദ്ധ കുർബ്ബാന, കൂദാശകൾ, ആരാധനാവത്സരം, കൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥനകൾ ഇവയെല്ലാം ദൈവാരാധന (ലിറ്റർജി) എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നു.

## ദൈവാരാധന

- മിശിഹായിൽ പിതാവുമായി അനുരഞ്ജിതരായ സഭാസമൂഹത്തിന്റെ പരസ്യമായ വിശ്വാസ പ്രഘോഷണമാണ് ദൈവാരാധന (ലിറ്റർജി). പിതാവിനോടുള്ള സ്നേഹത്താൽ പ്രേരിതനായി തന്റെ ജീവിതത്തിലൂടെയും കുരിശു മരണത്തിലൂടെയും ഈശോ അർപ്പിച്ച ബലിയിൽ പങ്കുചേർന്നുകൊണ്ട് സഭ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിന് അർപ്പിക്കുന്ന ആരാധനയാണ് ഇത്. ലിറ്റർജിയിലൂടെ ക്രൈസ്തവൻ ഈശോയുടെ മനുഷ്യാവതാരം, ജീവിതം, പീഡാസഹനം, കുരിശുമരണം, ഉത്ഥാനം, സ്വർഗാരോഹണം, പരിശുദ്ധാത്മാവിന്റെ ആഗമനം എന്നീ രക്ഷാകര സംഭവങ്ങളിൽ പങ്കുപറ്റുന്നു. ലിറ്റർജിയിലെ അടയാളങ്ങളും പ്രതീകങ്ങളും വഴിയാണ് സഭ ഈ രഹസ്യങ്ങളിൽ പങ്കുചേരുന്നത്.

ദൈവാരാധന

## എന്റെ തീരുമാനം

സഭയുടെ ദൈവാരാധനയെക്കു
റിച്ചു പഠിച്ച്, അതിൽ ഞാൻ
സജീവമായി പങ്കുചേരും.


ദൈവാരാധന
ഓർമ്മിക്കാൻ ഒരു തിരുവചനം
“നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥ ആരാധന” (റോമ. 12:1)